**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - നവകേരള ദൗത്യത്തിലെ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

**സ.ഉ(പി) നം.186/2016/പൊവിവ** **തിരുവനന്തപുരം, തീയതി : 07/11/2016**

പരാമർശം : 1) 28.09.2016-ലെ സ.ഉ(പി) നം.41/2016/ആ.സാ.വ
2) 14.10.2016-ലെ സ.ഉ(സാധാ) നം. 3390/2016/പൊവിവ
3) 04-11-2016-ലെ സ. ഉ. (പി) നം. 49/2016/ആസാവ.

## ഉത്തരവ്

നവകേരള ദൗത്യത്തിലെ സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി മിഷൻ മാതൃകയിൽ നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായി.

1) 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക
2) ഹൈസ്കൂൾ - ഹയർസെക്കന്ററി തലത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ് മുറികൾ ആക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക
3) എൽ.പി - യു.പി ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക – രക്ഷകർതൃ സംഘടനകൾ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ എന്നിവകളുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കും.
4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

തുടർന്ന് പരാമർശം 3 പ്രകാരം താഴെ പറയുന്ന പൊതുതീരുമാനങ്ങൾ കൈക്കൊണ്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

1. നവകേരള ദൗത്യത്തിലെ നാല് മിഷനുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല മിഷന്റെ എംപവേർഡ് കമ്മിറ്റിക്കായിരിക്കും.
2. മിഷനുകളുടെ ഈ വർഷത്തെ വാർഷിക പദ്ധതിക്ക് എംപവേർഡ് കമ്മിറ്റി അന്തിമ രൂപം നൽകേണ്ടതാണ്. ഈ വർഷത്തെ പദ്ധതിയുടെ നടത്തിപ്പിന് അധിക വിഭവം ആവശ്യമുണ്ടെങ്കിൽ അതിന് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതാണ്.
3. മിഷനുകളുടെ സുഗമമായ നടത്തിപ്പിന് അത്യാവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിന് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനകാര്യ വകുപ്പിന്റെ അനുമതി തേടേണ്ടതാണ്.
4. മിഷന്റെ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി ബന്ധിപ്പിക്കുന്നതിന് എംപവേർഡ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിക്കേണ്ടതാണ്.

5. ഒന്നാം വർഷം ഒഴിച്ചുള്ള തുടർ വർഷങ്ങളിലെ മിഷനുകളുടെ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് പ്ലാനിംഗ് ബോർഡിന് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്.
6. മിഷനുകളുടെ അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ 2017-2018-ലെ വാർഷിക പദ്ധതി രേഖയിൽ ഉൾക്കൊള്ളിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവത്കരിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- പൂർണ്ണമായും ശിശുകേന്ദ്രീകൃതമാക്കി അംഗൻവാടി, പ്രീ-പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥി സമീപന സമിതി (പഠനരീതി) ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അദ്ധ്യാപക പരിശീലനം സംഘടിപ്പിക്കുകയും അഞ്ചുവയസ്സു വരെ കുട്ടി ആർജ്ജിക്കേണ്ട കാര്യങ്ങൾ ആർജ്ജിച്ചു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും കഴിവുകളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക

  എ) പഠന വിഷയങ്ങളിലെ ആശയദൃഢത, കണക്ക്, സയൻസ്, ഐടി വിഷയങ്ങളിലെ കുട്ടിയുടെ ധാരണയും കഴിവും.
  ബി) പാഠ്യേതര വിഷയങ്ങളിലെ വൈവിദ്ധ്യവും ആർജ്ജവവും.
  സി) സാമൂഹ്യ രംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ
  ഡി) ഭാഷാ ജ്ഞാനം, കമ്യൂണിക്കേഷൻ സ്കിൽ, ചുരുങ്ങിയത് 3 ഭാഷകളെങ്കിലും ഉപയോഗിക്കുവാൻ കഴിവ് ഉണ്ടാകും.
  ഇ) ആരോഗ്യപരമായ അവസ്ഥ

- കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക
- ഉന്നത നിലവാരത്തിലെ അദ്ധ്യാപനം ഉറപ്പാക്കത്തക്ക രീതിയിൽ അദ്ധ്യാപക പരിശീലനം ഉറപ്പുവരുത്തുക
- പാഠ്യേതര പഠനം ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക
- മദ്യപാനം, മയക്കുമരുന്ന് ഉപയോഗം എന്നിവ പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക
- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക
- "ക്യാമ്പസ് തന്നെ പാഠപുസ്തകം" എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക വഴി പ്രകൃതിക്കിണങ്ങിയ 10,000 മാതൃകാ തുരുത്തുകൾ കേരളത്തിൽ സൃഷ്ടിക്കുക.

- സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക
- അനന്യമായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
- വിദ്യാഭ്യാസത്തിന്റെ സമസ്ത തലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം അർത്ഥപൂർണ്ണമാക്കുക
- വോട്ടവകാശം ലഭിക്കുമ്പോൾ തന്നെ തൊഴിലെടുക്കുവാനുള്ള കഴിവ് വികസിപ്പിക്കുവാൻ ലക്ഷ്യമിട്ട് സ്കിൽ ഡവലപ്പ്മെന്റ് പരിപാടി സമഗ്രമാക്കുക
- സ്കൂൾ വായനശാലകളും ലാബറട്ടറികളും ആധുനികവൽക്കരിക്കുക
- സ്കൂൾ കുട്ടികൾക്ക് കൗൺസലിങ് സൗകര്യങ്ങൾ ഉണ്ടാക്കുക
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക

മേൽ പദ്ധതി നടപ്പിൽവരുത്തുന്നതിനാവശ്യമായ സാമ്പത്തിക ബാദ്ധ്യതയുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.

## നടപ്പാക്കുന്ന രീതി

പദ്ധതി നിർവ്വഹണത്തിനായി പരാമർശം (1) പ്രകാരം രൂപീകൃതമായിട്ടുള്ള സംസ്ഥാനതല മിഷൻ, ജില്ലാതല മിഷൻ എന്നിവയ്ക്ക് പുറമേ എം.പി. രക്ഷാധികാരിയായും, എം.എൽ.എ പ്രസിഡന്റായും ഡി.ഇ.ഒ കൺവീനർ എസ്.എസ്.എ ഡി.പി.ഒ കോ-ഓർഡിനേറ്ററും ആയുമുള്ള മണ്ഡലംതല മിഷൻ, എം.എൽ.എ രക്ഷാധികാരിയായും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും എ.ഇ.ഒ കൺവീനറും എസ്.എസ്.എ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ കോ-ഓർഡിനേറ്ററും ആയുമുള്ള ഗ്രാമതല മിഷൻ എന്നിവയും രൂപീകരിക്കേണ്ടതാണ്. ടി ജില്ലാതല മിഷന്റെ രക്ഷാധികാരി ഒരു മന്ത്രിയായിരിക്കും.

## പ്രവർത്തന സമീപനം

മിഷൻ പ്രവർത്തനം രൂപപ്പെടുത്തി നിർവഹണം നടത്തുന്നതിന് ദ്വിതല സമീപനം സ്വീകരിക്കേണ്ടതാണ്. സംസ്ഥാനതല മിഷനും ജില്ലാതല മിഷനും മിഷൻ ടാസ്ക് ഫോഴ്സ് തയ്യാറാക്കിയ "മാസ്റ്റർ പ്ലാൻ" അംഗീകരിക്കുകയും മാസ്റ്റർ പ്ലാനിൽ നൽകിയ ആക്ഷൻ പ്ലാൻ സമയബന്ധിതമായി നടപ്പാക്കപ്പെടുന്നു എന്നുറപ്പാക്കുകയും ചെയ്യേണ്ടതാണ്. "മാസ്റ്റർ പ്ലാൻ" നടത്തിപ്പിന് ആവശ്യമായ വകുപ്പുതല ഉത്തരവുകൾ, കോ-ഓർഡിനേഷൻ യോഗങ്ങൾ, Task Force-ന്റെ ആഴ്ചതോറുമുള്ള റിവ്യൂ എന്നിവ സംസ്ഥാനതല മിഷൻ നടത്തേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പിലെ ഘടനാപരമായ മാറ്റങ്ങൾ, സംയോജനങ്ങൾ, പോളിസികൾ ഇവ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നതിനുമുള്ള ക്രോഡീകരണവും നേതൃത്വവും മിഷൻ ടീം ഒരുക്കേണ്ടതാണ്.

### മിഷൻ ടാസ്ക് ഫോഴ്സിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.

1) മിഷൻ ടാസ്ക് ഫോഴ്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ മിഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഓഫിസ് സംവിധാനവും പ്രവർത്തിക്കണം.

2) മിഷൻ പ്രവർത്തനം സമയ ബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി മിഷന്റെ ഹ്രസ്വകാല ലക്ഷ്യങ്ങളും ദീർഘകാല ലക്ഷ്യങ്ങളും ടാസ്ക് ഫോഴ്സ് നിശ്ചയിക്കുകയും ഇവയോരോന്നും ബന്ധപ്പെട്ട ഏജൻസികൾ മുഖേന നടപ്പിലാക്കേണ്ടതുമാണ്.

3) മിഷൻ ടാസ്ക് ഫോഴ്സ് സമഗ്ര വിദ്യാലയ വികസന പദ്ധതി' തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, സ്കൂൾതല സമിതിയുടെ ഘടന, ആവശ്യ പഠന- ഫോർമാറ്റുകൾ, പദ്ധതി രൂപരേഖ, Building Sketch, Plan തയ്യാറാക്കാനുള്ള രീതി, ഏജൻസി എന്നിവ ഉൾക്കൊള്ളുന്ന ഒരു കൈപുസ്തകം തയ്യാറാക്കി, സ്കൂൾ തല കൺവീനർമാർക്ക് പരിശീലനം നൽകുകയും SSA-RMSA എന്നിവർ സംയുക്തമായി ഇതിന് നേതൃത്വം നൽകേണ്ടതുമാണ്.

4) എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗ്' ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക പരിശീലന പദ്ധതികൾ കൂടി ഉൾപ്പെടുത്തി വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ തയ്യാറേക്കേണ്ട ചുമതല IT@School, SIET എന്നിവർക്കായിരിക്കും. ഈ പ്രവർത്തനങ്ങളുടെ നിയന്ത്രണം മിഷൻ ടാസ്ക് ഫോഴ്സിൽ നിക്ഷിപ്തമായിരിക്കും.

5) വിദ്യാഭ്യാസ വകുപ്പിന്റെ ഭരണ സംവിധാനം പൂർണ്ണമായും e-office സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള ചുമതല IT@School-ൽ നിക്ഷിപ്തമാകുന്നു. ഇതിന്റെ ഭാഗമായി ഓഫീസ് മാനേജ്മെന്റ്, ഇ-ഓഫീസ് എന്നീ വിഷയങ്ങളിൽ എല്ലാ ഉദ്യോഗസ്ഥർക്കും, പ്രിൻസിപ്പൽമാർക്കും സീമാറ്റിന്റെ നേതൃത്വത്തിൽ പരിശീലനം നൽകേണ്ടതാണ്.

മേൽ വിവരിച്ച പ്രകാരമുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ നിർവഹണത്തിന്റെ ഘടനാ വിവരണം ചുവടെ ചേർക്കുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
### സംസ്ഥാന തല മിഷൻ

നയപരമായ തീരുമാനങ്ങളും പദ്ധതി മേൽനോട്ടവും

### മിഷൻ ടാസ്ക് ഫോഴ്സ്

പ്രവർത്തന മാർഗ്ഗരേഖകൾ, ചട്ടങ്ങൾ , മോണിറ്ററിംഗ്

ടാസ്ക് ഫോഴ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി ടീം

DPI, DHSE, DVHSE

SCERT, SIEMAT, SIET & IT @ School

SSA, RMSA & ASAP

### ജില്ലാതല മിഷനുകൾ

പദ്ധതി മോണിറ്ററിംഗ് കോ-ഓർഡിനേഷൻ പ്രവർത്തനങ്ങൾ പദ്ധതി പുരോഗതി വിലയിരുത്തൽ

### ജില്ലാതല ടാസ്ക് ഫോഴ്സ്

SSA, DIET, RMSA, DEO, AEO, VHSE (DD), ASAP
ജില്ലാ മിഷൻ ടീം ലീഡർ മിഷൻ ടീം

## മിഷൻ ടാസ്ക് ഫോഴ്സ് ഘടന:
## സംസ്ഥാന തലം

MISSION CEO

TASK FORCE TEAM LEADER

TASK FORCE MEMBERS

TASK FORCE WORKING GROUP

MISSION SECRETARIAT

**ജില്ലാതലം**

**DISTRICT MISSION CHAIRMAN (DC)**

TEAM LEADER – MISSION CO-ORDINATIOR

DISTRICT LEVELTASK FORCE

MISSION DISTRICT SECRETARIAT DPM ASAP +2 OFFICERS FROM GENERAL EDUCATION DEPARTMENT IT @ SCHOOL DISTRICT CO-ORDINATOR, DIET, DPO SSA

LA CONSTITUENCY COMMITTEE – MLA CHAIRMAN ONE OFFICER WILLING TO WORK FROM GENERAL EDUCTATION DEPARTMENT – DEO, BPO SSA

SCHOOL LEVEL COMMITTEE – PTA PRESIDENT, PRINCIPAL, CONVENOR, IT CO-ORDINATOR, HS/HSS + CLUSTER CO-ORDINATOR

പരാമർശം (1) ലെ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന സമഗ്രവിദ്യാഭ്യാസ നവീകരണ പദ്ധതിയെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന് പുനർനാമകരണം ചെയ്തുകൊണ്ടും മേൽ വിവരിച്ച പ്രകാരമുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയ്ക്ക് അനുമതി നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

കൂടാതെ പദ്ധതി നിർവഹണം ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നടത്തേണ്ടതാണ്.

1) പ്രവർത്തന സമീപനത്തിനനുസൃതമായി സംസ്ഥാനതലത്തിലും ജില്ലാ, മണ്ഡല-പഞ്ചായത്ത് തലങ്ങളിലും മേൽ വിവരിച്ച പ്രകാരമുള്ള സമിതികൾ രൂപീകരിക്കേണ്ടതാണ്.

2) സമയബന്ധിതമായി മിഷൻ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമായി വിവിധ സർക്കാർ അംഗീകൃത ഏജൻസികൾക്ക് ചുമതല നൽകി മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

3) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി വിവിധ തലങ്ങളിൽ ടാസ്ക് ഫോഴ്സുകൾ സമയബന്ധിതമായി രൂപീകരിക്കേണ്ടതാണ്.

4) ജനകീയ സമിതികളുടെ നിർദ്ദേശത്തോടെ സ്കൂളുകളുടെ മാസ്റ്റർ പ്ലാനും ഡിസൈനും തയ്യാറാക്കുന്നതിനായി അനുവദനീയമായ തുക നൽകി സർക്കാർ അംഗീകൃത ഏജൻസികളെ ചുമതലപ്പെടുത്തേണ്ടതാണ്.

5) സുസ്ഥിര വിദ്യാഭ്യാസ പ്രവർത്തനം നടപ്പിലാകുമ്പോൾ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ധനകാര്യ ഉദ്ഗ്രഥനം നടപ്പിലാക്കാവുന്നതും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുവാനും വികസിപ്പിക്കുവാനും സർക്കാർ, എം.പി, എം.എൽ.എ, ഗ്രാമബ്ലോക്ക് ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ, ആർ.എം.എസ്.എ ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഈ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

6) നിലവിലുള്ള learning objectives ലക്ഷ്യങ്ങൾ എത്രമാത്രം കൈവരിച്ചു എന്ന് അറിയുന്നതിന് ശാസ്ത്രീയമായ രീതി ശാസ്ത്രം ഉപയോഗിച്ച് കൊണ്ടുള്ള ഒരു വിലയിരുത്തൽ സർക്കാർ അംഗീകൃത സംവിധാനങ്ങളെ കൊണ്ട് ഈ അദ്ധ്യയന വർഷം തന്നെ നടത്തേണ്ടതും ആയത് കൈവരിക്കാത്ത മേഖലകളിൽ അടുത്ത അദ്ധ്യയന വർഷം ആദ്യം തന്നെ ഈ കുറവ് പരിഹരിക്കാനുള്ള ഇടപെടലുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമാണ്.

7) പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം (കരിക്കുലം ഒബ്ജക്ടീവ്സ്) പരിഹരിക്കാനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ട ചുമതല ഡി.പി.ഐ, എസ്.എസ്.എ, എസ്.സി.ഇ.ആർ.ടി, SIET, ആർ.എം.എസ്.എ ഐടി@ സ്കൂൾ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റിക്കായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബി. ശ്രീനിവാസ്**

**പ്രിൻസിപ്പൽ സെക്രട്ടറി (i/c)**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡീറ്റ്) കേരള, തിരുവനന്തപുരം.
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സിയറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ASAP, തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ്.
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പകർപ്പ് : വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്